നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ്

24 (6969) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്ക് സ്കോളർഷിപ്പ് തുക കൃത്യമായി ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോഴിക്കോട് ജില്ലയിൽ നിലവിൽ എത്ര കുട്ടികൾക്ക് തുക വിതരണം ചെയ്യാനുണ്ട് ; വിശദാംശം നൽകാമോ ;

(സി) അശ്വജിത്ത്, ബി. എം. S/o യു. പി. മോഹനൻ, മുള്ളനത്ത് പി. ഒ. (റോൾ നമ്പർ 19315) എന്ന വിദ്യാർത്ഥിക്ക് ഇതുവരെയായി സ്കോളർഷിപ്പ് തുക ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ സ്കോളർഷിപ്പ് തുക കൃത്യമായി വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) സ്കോളർഷിപ്പ് തുക കൃത്യമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്കൂൾ വിദ്യാർത്ഥികളിലെ സാമൂഹ്യ സേവന മനോഭാവം വർദ്ധിപ്പിക്കൽ

25 (6990) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികളിലെ സാമൂഹ്യ സേവന മനോഭാവം വർദ്ധിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) വിദ്യാർത്ഥികൾക്ക് നിശ്ചിത ദിവസത്തെ സാമൂഹ്യ പ്രവർത്തനത്തിന് ഊന്നൽനൽകി പാഠ്യപദ്ധതി പരിഷ്കരിക്കാൻ തയ്യാറാകുമോ ;

(സി) എല്ലാ സർക്കാർ-എയ്ഡഡ് സ്കൂളുകളിലും കലാ-കായിക അദ്ധ്യാപകരെ നിയമിക്കാൻ നടപടി എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഒൻപതാം ക്ലാസ്സിൽ തോൽപ്പിച്ചതിന്റെ മാനസികാഘാതത്തിൽ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവം

26 (6891) ശ്രീ. എം. എ. ബേബി :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ഡോ. കെ. ടി. ജലീൽ :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒൻപതാം ക്ലാസിൽ തോല്പിച്ചതിന്റെ മാനസികാഘാതത്തിൽ മലപ്പുറത്തെ സുല്ല മുസ്ലിയാർ ഓറിയന്റൽ സ്കൂളിലെ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവം സംബന്ധിച്ച് പരാതി ലഭിച്ചിരുന്നോ ; അന്വേഷണം നടത്തുകയുണ്ടായോ ;

(ബി) ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) സ്വകാര്യ അൺഎയ്ഡഡ് സ്കൂളുകളിൽ ഒൻപതാം ക്ലാസിൽ വിദ്യാർത്ഥികളെ തോൽപ്പിക്കുന്ന പാട്ടവിരുദ്ധ നടപടികൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) മലപ്പുറത്തെ സുല്ല മുസ്ലിയാർ ഓറിയന്റൽ സ്കൂളിലെ കുമാരി നിസ്രിയാ കെ.കെ. എന്ന വിദ്യാർത്ഥിനി ആത്മഹത്യ ചെയ്ത സംഭവത്തിൽ കുട്ടിയുടെ മാതാവ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) സ്കൂൾ സന്ദർശിച്ച് അന്വേഷണം നടത്തി.

(ബി) അന്വേഷണ റിപ്പോർട്ട് പ്രകാരം സ്കൂൾ മാനേജർ, പ്രധാനാദ്ധ്യാപകൻ, 3 അദ്ധ്യാപകർ എന്നിവരുടെ ഭാഗത്ത് വീഴ്ചയുള്ളതായി ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് ബന്ധപ്പെട്ടവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(സി) പാട്ടവിരുദ്ധമായി കുട്ടികളെ ഒൻപതാം ക്ലാസ്സിൽ തോൽപ്പിക്കുന്നത് സംബന്ധിച്ച സംഭവങ്ങൾ ഉണ്ടോ എന്ന് അന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly